# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7661 15/07/2014-ൽ മറുപടിയ്ക്ക്

## മത്സ്യം വളർത്തുന്നതിനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ. സി.എഫ്.തോമസ് : | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ഫിഷറീസ് വകുപ്പിൽ കഴിഞ്ഞ സാമ്പത്തിക വർഷം മത്സ്യം വളർത്തുന്നതിനുള്ള എത്ര പദ്ധതികൾ അനുവദിച്ചു എന്ന് അറിയിക്കുമോ; | (എ) മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് 2012-13 മുതലുള്ള 3 വർഷകാലയളവിൽ നടപ്പിലാക്കി വരുന്ന മത്സ്യസമൃദ്ധി പദ്ധതിയുടെ രണ്ടാം വർഷം 2013-14 ൽ നടപ്പിലാക്കി. കൂടാതെ വിവിധ ഏജൻസികൾ മുഖേന താഴെപ്പറയും പ്രകാരമുള്ള പദ്ധതികളും നടപ്പാക്കി.<br><br>**അഡാക്ക്**<br><br>1. കൈപ്പാട് നിലങ്ങളിലെ നെല്ലും-ചെമ്മീൻ കൃഷി പദ്ധതി<br>2. പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി<br>3. കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി<br>4. കുട്ടനാട്ടിലെ ഒരു നെല്ലും ഒരു മീനും പദ്ധതി<br>5. പൊയ്യ ഫാമിലെ മത്സ്യകൃഷി പ്രവർത്തനങ്ങൾ<br><br>**ഫിർമ**<br><br>പാലക്കാട് ജില്ലയിലെ മലമ്പുഴ, കണ്ണൂർ ജില്ലയിലെ പഴശ്ശി റിസർവോയറുകളിൽ കൂടുകളിൽ മത്സ്യകൃഷി നടത്തുന്നതിന് RKVY നാഷണൽ മിഷൻ ഫോർ പ്രോട്ടീൻ സപ്ലിമെന്റിൽ ഉൾപ്പെടുത്തി 668 ലക്ഷം രൂപയ്ക്കുള്ള പദ്ധതി അനുവദിച്ചു. |
| (ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) **മത്സ്യസമൃദ്ധി പദ്ധതി**<br><br>കേരളത്തിലെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് 2012-15 കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി പദ്ധതി. പദ്ധതിയുടെ മൊത്തം അടങ്കൽ തുക 194.7 കോടി രൂപയും സബ്സിഡി ഇനത്തിൽ നൽകിവരുന്നത് 55.30 കോടി രൂപയുമാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ലക്ഷ്യമിട്ട് പൊതു ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി (14 ജില്ലകളിലായി) ഓരോ വർഷവും 21 ലക്ഷം രൂപ വീതം 3 വർഷത്തേയ്ക്ക് 63 ലക്ഷം രൂപയുടെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിയും ഇതിലൂടെ നടപ്പിലാക്കിവരുന്നു. മത്സ്യസമൃദ്ധി പദ്ധതി പൂർത്തിയാകുന്നതോടെ ഉൾനാടൻ മത്സ്യോത്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ടി പദ്ധതിയിൽ കുളത്തിലേയും ഇതര ജലസംഭരണികളിലേയും ശുദ്ധജല മത്സ്യകൃഷി, പാടശേഖരങ്ങളിലേയും കോൾ പാടങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ച് കൃഷി, സംയോജിത മത്സ്യകൃഷി, പൊക്കാളി / കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻകൃഷി, കരിമീൻ വിത്തുപരിപാലന വില്പന യൂണിറ്റുകൾ (പി. എസ്. ആർ. യു.) കുളങ്ങളിലെ കരിമീൻകൃഷി, കൂടുകളിലെ കരിമീൻകൃഷി, അടുക്കള കുളത്തിലെ കരിമീൻകൃഷി, ഞണ്ട് കൊഴുപ്പിക്കൽ / കൃഷി, കല്ലുമ്മേക്കായ കൃഷി, പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ. മത്സ്യകൃഷി പരിശീലന/ബോധവത്കരണ പരിപാടികൾ, സൗജന്യ വിള ഇൻഷ്വറൻസ്, മികച്ച മത്സ്യകർഷകർക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന അവാർഡ്, മത്സ്യകൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യതീറ്റ സബ്സിഡി വിതരണം കർഷകർക്കാവശ്യമായ കൈപ്പുസ്തകം തയ്യാറാക്കൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

**<u>അഡാക്കിന്റെ പദ്ധതികൾ</u>**

**i)** <u>കൈപ്പാട് നിലങ്ങളിലെ നെല്ലും-ചെമ്മീൻ കൃഷി പദ്ധതി - 2013-14</u>

കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ 93 ഹെക്ടർ കൈപ്പാട് നിലങ്ങളിൽ ജൈവരീതിയിലുള്ള നെല്ല്, ആറ്റുകൊഞ്ച്/ മത്സ്യകൃഷി 200 ലക്ഷം രൂപ സംസ്ഥാന വിഹിതത്തോടുകൂടി നടപ്പാക്കി

**ii)** <u>പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി പദ്ധതി 2013-14</u>

ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിലെ 177.13 ഹെക്ടർ പൊക്കാളി പാടങ്ങളിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി 100 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതത്തോടുകൂടി നടപ്പാക്കി

**iii)** <u>കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി - 2013-14</u>

തൃശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളിലെ 116 ഹെക്ടർ പ്രദേശത്ത് ആറ്റുകൊഞ്ച്/ മത്സ്യകൃഷി 90 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതത്തോടുകൂടി നടപ്പാക്കി

**iv)** <u>കുട്ടനാട് ഒരു നെല്ലും ഒരു മീനും പദ്ധതി - 2013-14</u>

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന കുട്ടനാട് പ്രദേശത്തെ 12.88 ഹെക്ടർ പാടശേഖരങ്ങളിൽ നെൽകൃഷി കഴിഞ്ഞു ള്ള ഇടവേളകളിൽ ആറ്റുകൊഞ്ച്/മത്സ്യകൃഷി 10 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതത്തോടുകൂടി നടപ്പാക്കി

v) <u>പൊയ്യ ഫാമിലെ മത്സ്യകൃഷി പ്രവർത്തനങ്ങൾ - 2013-14</u>

അഡാക്ക് ഉടമസ്ഥതയിലുള്ള പൊയ്യ ഫാമിൽ 2013-14-ൽ മത്സ്യകൃഷി പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ വിഹിതമായി 30.5 ലക്ഷം രൂപ അനുവദിച്ചു. 3 ലക്ഷം പൂമീൻ കുഞ്ഞുങ്ങളുടെ റിയറിംഗും 20 കേജുകളിൽ കരിമീൻ കൃഷിയും കുളങ്ങളിൽ പൂമീൻ കൃഷിയും നടപ്പാക്കി.

<u>ഫിർമയുടെ പദ്ധതി.</u>

RKVY നാഷണൽ മിഷൻ ഫോർ പ്രോട്ടീൻ സപ്ലിമെന്റിൽ ഉൾപ്പെടുത്തിയുള്ള 668 ലക്ഷം രൂപയ്ക്കുള്ള പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ മലമ്പുഴ, കണ്ണൂർ ജില്ലയിലെ പഴശ്ശി റിസർവോയറുകളിൽ കൂടുകളിൽ മത്സ്യകൃഷി നടത്തുന്നതിന് വിവക്ഷിക്കുന്നു.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ? | (സി) ഉണ്ട്. മത്സ്യ സമൃദ്ധി പദ്ധതി പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ വിലയിരുത്തുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള പഞ്ചായത്ത് തല സ്റ്റീയറിംഗ് കമ്മിറ്റിയും, ജില്ലാതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ജില്ലാതല സ്റ്റീയറിംഗ് കമ്മിറ്റിയും സംസ്ഥാനതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഫിഷറീസ് ഡയറക്ടർ ചെയർമാനായുള്ള സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റിയും പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും വിലയിരുത്തുന്നതിനുമായി ബഹു ഫിഷറീസ് വകുപ്പ് മന്ത്രി ചെയർമാനായുള്ള സംസ്ഥാനതല ഗൈഡൻസ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ ടി പദ്ധതി സംസ്ഥാനതലത്തിൽ മോണിറ്ററിംഗ് ചെയ്യുന്നതിനും കോർഡിനേറ്റുചെയ്യുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ഫിഷറീസ് ഓഫീസർമാർ നോഡൽ ഓഫീസർമാർ, പ്രോജക്റ്റ് അസിസ്റ്റന്റുമാർ എന്നിവരെ ഉൾപ്പെടുത്തി സ്പെഷ്യൽ സെല്ലിന്റെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ക്വാർട്ടർലി റിവ്യൂ മീറ്റിംഗുകളും വാർഷിക റിവ്യൂമീറ്റിംഗുകളും ഫിഷറീസ് ഡയറക്ടർ, സ്പെഷ്യൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടത്തിവരുന്നു. |

സെക്ഷൻ ആഫീസർ